(എഫ്) കേരളം കൂടാതെ, ഹിമാചൽപ്രദേശ്, ജമ്മുകാശ്മീർ, ത്രിപുര, രാജസ്ഥാൻ, പഞ്ചാബ്, ഡൽഹി, തമിഴ്നാട്, മധ്യപ്രദേശ്, ബംഗാൾ, മണിപ്പൂർ, ഒറീസ്സ, മിസ്സോറം, മഹാരാഷ്ട്ര, ആസ്സാം എന്നീ സംസ്ഥാനങ്ങളിലെ പ്രതിനിധികളാണ് യാത്രയിൽ പങ്കെടുത്തത്.

(ജി) ഓരോ സംസ്ഥാനത്തുനിന്നും, ബിരുദവും, എക്കോടൂറിസം, ടൂറിസം, ജേർണലിസം എന്നിവയിൽ അഭിരുചിയും, അഭികാമ്യവുമുള്ള ഒരു യുവാവിനേയും, ഒരു യുവതിയേയുമാണ് തിരഞ്ഞെടുക്കാൻ നിർദ്ദേശിച്ചിരുന്നത്.

(എച്ച്) അറിവില്ല.

(ഐ) പ്രോജക്റ്റുകൾ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകാറുണ്ട്.

(ജെ) സ്വീകരിക്കുന്നതാണ്.

വൈദ്യുതി ബോർഡിന്റെ കടം

8 (*338) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-1999-ലെ കണക്കനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന്റെ കടം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തീയതിയിൽ ആർക്കൊക്കെ എന്തു തുക വീതമാണ് വായ്പ തിരിച്ചു കൊടുക്കാനുള്ളത് ;

(സി) ബോർഡ് എടുത്തിട്ടുള്ള വായ്പകൾക്ക് പലിശയിനത്തിൽ പ്രതിവർഷം എന്തു തുക നൽകേണ്ടി വരുന്നുണ്ട് ;

(ഡി) ബോർഡിന് മറ്റു വിധത്തിൽ സാമ്പത്തിക സഹായമോ മറ്റു സഹായമോ നൽകിയതിന്റെ പേരിൽ ഒരു വർഷം എന്ത് പലിശ കൊടുക്കേണ്ടതുണ്ട് ;

(ഇ) വൈദ്യുതി വിറ്റു കിട്ടുന്ന തുകയുടെ എത്ര ശതമാനമാണ് പലിശയിനത്തിൽ കൊടുക്കേണ്ടതായി വരുന്നത് ;

(എഫ്) ബോർഡ് എടുത്തിട്ടുള്ള വായ്പകൾക്ക് ഗവൺമെന്റ് ഗ്യാരന്റി കൊടുത്തിട്ടുണ്ടോ ;

(ജി) എങ്കിൽ ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ ഗവൺമെന്റിന് ഒരുവർഷം എന്തു തുക കൊടുക്കേണ്ടതായിട്ടുണ്ട് ;

(എച്ച്) ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) 31-12-1999-ലെ താൽക്കാലിക കണക്കനുസരിച്ച് വൈദ്യുതി ബോർഡിന്റെ കടം ഏകദേശം 3,276.75 കോടി രൂപയാണ്. ഈ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

		രൂപ കോടിയിൽ
1. കെ. എസ്. ഇ. ബോണ്ട്	-	141.21
2. കമേഴ്സ്യൽ ബാങ്കുകൾ (ആർ. ഇ. സ്കീം)	-	68.11
3. എൽ. ഐ. സി	-	208.12
4. കെ. പി. എഫ്. സി (കേരളാ പവർ ഫിനാൻസ് കോർപ്പറേഷൻ)	-	19.70
5. ക്രഡിറ്റ് ലയോണിസ്, പാരീസ്	-	169.44
6. ആർ.ഇ.സി.യും ആർ.ഇ.സി. മുഖാന്തിര മുള്ള ഒ.ഇ.സി.എഫ് ലോണും	-	350.58
7. എച്ച്.ഡി.എഫ്.സി. (ഹൗസിംഗ് ഡവലപ്പ് മെന്റ് ഫിനാൻസിംഗ് കോർപ്പറേഷൻ)	-	6.25
8. കാൻഫിൻ ഹോംസ്	-	8.59
9. മീഡിയം ടേം ലോൺ (കാനറാ ബാങ്ക്)	-	23.95
10. ഐ.ഡി.ബി.ഐ	-	262.68
11. സിഡ്ബി	-	17.45
12. പി. എഫ്. സി (പവർ ഫിനാൻസ് കോർപ്പറേഷൻ)	-	136.48
13. ഇ. ഡി. സി (എക്സ്ചേഞ്ച് ഡവലപ്പ്മെന്റ് കോർപ്പറേഷൻ	-	131.06
14. നോൺ എസ്. എൽ. ആർ.ബോണ്ടുകൾ	-	1,584.13
15. സംസ്ഥാന സർക്കാർ വായ്പ	-	149.00
ആകെ		3,276.75

(സി&ഡി) 1998-99 -ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് ബോർഡ് എടുത്തിട്ടുള്ള വായ്പകളിന്മേൽ പ്രസ്തുത വർഷത്തേയ്ക്ക് കണക്കാക്കിയിട്ടുള്ള പലിശ 295.24 കോടി രൂപയാണ്. ഇതു കൂടാതെ ജീവനക്കാരുടെ പി. എഫ്. നിക്ഷേപത്തിന്മേലുള്ള പലിശയായി വാർഷിക കണക്കനുസരിച്ച് ബോർഡ് കണക്കാക്കിയിട്ടുള്ളത് ഉദ്ദേശം 32 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1998-99-ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് വൈദ്യുതി വിറ്റുകിട്ടിയ തുകയുടെ ഏകദേശം 26.50 ശതമാനമാണ് ബോർഡിനു പലിശ ഇനത്തിൽ നൽകേണ്ടി വരുന്നത്.

(എഫ്) ബോർഡ് എടുത്തിട്ടുള്ള ഭൂരിഭാഗം വായ്പകൾക്കും സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.

(ജി) 1998-99-ലെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് പ്രസ്തുത വർഷം ഗ്യാരന്റി കമ്മീഷനായി നൽകേണ്ട തുക ഏകദേശം 10.42 കോടി രൂപയാണ്.

(എച്ച്) 31-3-1997 വരെയുള്ള ഗ്യാരന്റി കമ്മീഷൻ ബോർഡ് സർക്കാരിന് നൽകിയിട്ടുണ്ട്. 1997-98, 1998-99 എന്നീ വർഷങ്ങളിലേക്കുള്ള ഗ്യാരന്റി കമ്മീഷനായി സർക്കാരിനു നൽകേണ്ടതായ കുടിശ്ശിക തുക 12.72 കോടി രൂപയോളമാണ്.

ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ

9 (*339) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനത്തിൽ പോരായ്മകൾ ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം പണത്തിന്റെയും വാഹനത്തിന്റെയും അഭാവത്തിൽ പ്രതിസന്ധിയിലാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഒരിക്കൽ മരുന്ന് നൽകിക്കഴിഞ്ഞാൽ മെഡിക്കൽ ടീം രണ്ടും മൂന്നും മാസങ്ങൾക്ക് ശേഷമാണ് അവിടം വീണ്ടും സന്ദർശിക്കാറുള്ളതെന്നും മരുന്നിന്റെ ദൂഷ്യഫലങ്ങളോ രോഗത്തിന്റെ മാറ്റങ്ങളോ ഡോക്ടറെ അറിയിക്കാൻ സാധിക്കാത്തതിനാൽ ആദിവാസികൾ പലപ്പോഴും മെഡിക്കൽ ടീമിന്റെ പ്രവർത്തനം ഉപയോഗിക്കുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly